ഫാറം-II

(ചട്ടം 16(1) കാണുക)

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം ആക്റ്റ്)-ലെ 35-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൊല്ലം നഗരസഭ പ്രദേശത്തിനുവേണ്ടിയുള്ള മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശത്തിന്റെ വിജ്ഞാപനം**

07/12/2021 തീയതിയിലെ കൗൺസിൽ യോഗ തീരുമാനപ്രകാരം അമൃത് പദ്ധതിയുടെ കീഴിൽ ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയ കൊല്ലം നഗരസഭ പ്രദേശത്തിനുവേണ്ടിയുള്ള ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെയോ അല്ലാതെയോ സ്വീകരിച്ച് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടെ പ്രസിദ്ധീകരിക്കുന്ന നോട്ടീസ്.

2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോടുകൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ചീഫ് ടൗൺ പ്ലാനർ തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിന് 07/12/2021 തീയതിയിൽ നടന്ന യോഗത്തിലെ 49-ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ :

| | | |
|---|---|---|
| വടക്ക് | : | നീണ്ടകര ഗ്രാമപഞ്ചായത്ത്, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, തൃക്കരുവ ഗ്രാമപഞ്ചായത്ത്, പനയം ഗ്രാമപഞ്ചായത്ത്, പെരിനാട് ഗ്രാമപഞ്ചായത്ത്. |
| കിഴക്ക് | : | കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്. |
| തെക്ക് | : | അറബിക്കടൽ |
| പടിഞ്ഞാറ് | : | അറബിക്കടൽ |

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി - 7173 ഹെക്ടർ

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിലെ 36 ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി

മേയർ 19/3/22

സ്ഥലം : കൊല്ലം

തീയതി : 19/3/22

MUNICIPAL CORPORATION OFFICE KOLLAM